# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 606 — 30/6/2016 -ൽ മറുപടിക്ക്

## ശുദ്ധജല വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിന്ന് വിതരണം ചെയ്തു വരുന്ന ശുദ്ധ ജലം മുടക്കമില്ലാതെയും സമതുലിതമായും വിതരണം ചെയ്യുന്നതിന് പള്ളിപ്പുറം ഗ്രാമപഞ്ചായത്തിൽ പുതുതായി ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ; | (എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത ജില്ലകളെ പ്രധാനമായും ഉൾപ്പെടുത്തി ഒരു സമഗ്ര ജില്ല പദ്ധതി (കോംപ്രിഹെൻസിവ് ഡിസ്ട്രിക്ട് പ്ലാൻ (CDP))-യുടെ പ്രാരംഭ രൂപരേഖ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഉദ്ദേശ്യം 9700 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പറവൂർ മുനിസിപ്പാലിറ്റിയുടെയും സമീപ പഞ്ചായത്തുകളുടെയും കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതി CDP-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പള്ളിപ്പുറം ഗ്രാമപഞ്ചായത്തിനുവേണ്ടി ഓവർഹെഡ് ജലസംഭരണി സ്ഥാപിക്കുന്നതിന് 960 ലക്ഷം രൂപ ചെലവു വരുന്ന പ്രൊപ്പോസൽ ഈ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കുമോ? | (ബി) ഇത് സംബന്ധിച്ച് തയ്യാറാക്കിയ പ്രാരംഭ രൂപരേഖയിന്മേൽ അധികവിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/